പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 71 7.2.2013 ലെ മറുപടിക്ക്

<u>സെൽഫ് സഫിഷ്യന്റ് വില്ലേജ് പദ്ധതിയുടെ പുരോഗതി</u>

| ചോദ്യം | മറുപടി | |
|---|---|---|
| ശ്രീ.ആർ. രാജേഷ്<br>ശ്രീ.എസ്. ശർമ്മ<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. രാജു എബ്രഹാം | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന സെൽഫ് സഫിഷ്യന്റ് വില്ലേജ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | 50-ൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളുടെ സമഗ്രവികസനം ലക്ഷ്യമാക്കിയാണ് "സ്വയം പര്യാപ്ത ഗ്രാമങ്ങൾ" എന്ന പദ്ധതി നടപ്പിലാക്കുന്നത്. കോളനികളുടെ അടിസ്ഥാന സ ൗ കര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കോളനിക്കുള്ളിലെ റോഡ്, കുടിവെള്ളം, വൈദ്യുതീകരണം, വീട് പുനരുദ്ധാരണം, കളിസ്ഥലം, കാര്യശേഷി വികസന പരിപാടികൾ,ഡ്രെയിനേജ്, മാലിന്യ സംസ്കരണം, ബയോഗ്യാസ് പ്ലാന്റ്, വരുമാനദായക പദ്ധതികൾ, ശുചീകരണ പ്രവർത്തനം, വനിതകളുടെ സ്വയം സഹായ സംഘങ്ങൾ വഴിയുള്ള സൂക്ഷ്മ സംരംഭങ്ങൾ എന്നിവ നടപ്പിലാക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആദ്യഘട്ടമെന്ന നിലയ്ക്ക് 120 കോളനികളെയാണ് ഈ പദ്ധതിയിൽ നടപ്പ് വർഷം ഉൾപ്പെടുത്തിയിട്ടുള്ളത്. അപ്രകാരമുള്ള ഒരു കോളനിയിൽ ഒരു കോടി രൂപയിൽ പരിമിതപ്പെടുത്തിയുള്ള വിവിധ വികസന നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തുന്നത്. |

| | | |
|---|---|---|
| (ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | ബി) | പദ്ധതിയുടെ ഡീറ്റയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് കോളനികളിൽ വിവിധ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള സർക്കാർ അക്രഡിറ്റഡ് ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ